# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1309 01.07.2015 -ൽ മറുപടിക്ക്**

**ദേശീയപാത വികസനം**

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.സി.പി.മുഹമ്മദ്**<br>**,, എ.റ്റി.ജോർജ്**<br>**,, തേറമ്പിൽ രാമകൃഷ്ണൻ**<br>**,, പി.സി വിഷ്ണുനാഥ്** | **ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**(പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| (എ) ദേശീയപാത വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ) കേരളത്തിലെ ദേശീയപാതകളായ എൻ.എച്ച് 17 ഉം എൻ.എച്ച് 47 ഉം സർവ്വീസ് റോഡുകളോട്ടു കൂടിയ നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിന് ദേശീയപാത അതോറിറ്റിയ്ക്ക് കൈമാറിയിരുന്നു. എൻ.എച്ച് 47 ലെ വാളയാർ മുതൽ അരൂർ വരെയുള്ള ഭാഗത്തെ പ്രവർത്തനങ്ങൾ ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ നടന്നു വരികയാണ്. എൻ.എച്ച് 47 ലെ കഴക്കൂട്ടം മുതൽ തമിഴ്നാട് അതിർത്തി വരെയുള്ള (തിരുവനന്തപുരം ബൈപ്പാസ്) ഭാഗത്തെ കഴക്കൂട്ടം മുതൽ മുക്കോല വരെയുള്ള ഭാഗം നാലുവരിയായി വികസിപ്പിക്കുന്നതിനുള്ള ടെൻഡർ നടപടികൾ പൂർത്തിയാക്കി 669.06 കോടി രൂപയ്ക്ക് വർക്ക് അവാർഡ് ചെയ്തു കഴിഞ്ഞു. മുക്കോല മുതൽ കാരോട് (തമിഴ് നാട് അതിർത്തി) വരെയുള്ള ഭാഗത്ത് സ്ഥലമെടുപ്പ് നടപടികളും പൂർത്തീകരിച്ചു വരുന്നു. എൻ.എച്ച് 17 ലെ തലപ്പാടി മുതൽ ഇടപ്പള്ളി വരെയും എൻ.എച്ച് 47 ലെ ചേർത്തല മുതൽ കഴക്കൂട്ടം വരെയുമുള്ള ഭാഗത്തെ സ്ഥലമെടുപ്പ് അനിശ്ചിതമായി നീണ്ടു പോകുന്ന സാഹചര്യത്തിൽ ഈ ഭാഗത്തെ വികസനത്തിൽ നിന്നും ദേശീയപാത അതോറിറ്റി പിൻമാറിയിട്ടുണ്ട്. എന്നാൽ ഈ ഭാഗത്തെ വികസനത്തിനായി 45 മീറ്റർ |

വീതിയിൽ സ്ഥലം ഏറ്റെടുത്തു നൽകുന്നതാണെന്ന് ഉറപ്പ നൽകിക്കൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന് കത്ത് നൽകിയിട്ടുണ്ട്. ഈ ഉറപ്പിൻമേൽ ദേശീയപാതാ വികസന പദ്ധതിയിൽ നിന്നും പിന്മാറിയ തീരുമാനം പിൻവലിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ദേശീയപാതയുടെ വീതി എത്രയായിരിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ദേശീയപാതകളുടെ വീതി 60 മീറ്റർ ആയിരിക്കണമെന്നാണ് ദേശീയപാത അതോറിറ്റിയുടെ നിലപാട്. എന്നാൽ കേരളത്തിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് എൻ.എച്ച് 17 ന്റേയും എൻ.എച്ച് 47 ന്റേയും വീതി 45 മീറ്റർ ആയി നിജപ്പെടുത്താൻ കേന്ദ്രസർക്കാർ സമ്മതിച്ചിട്ടുണ്ട്.

(സി) ദേശീയപാത വികസനത്തിനായി ഏറ്റെടുക്കുന്ന ഭൂമിക്ക് നഷ്ടപരിഹാരം നൽകുന്നതിനായി പ്രത്യേക പാക്കേജ് തയ്യാറാക്കുമോ ;

(ഡി) ഏറ്റെടുക്കുന്ന ഭൂമിക്ക് അതത് പ്രദേശത്തുള്ള ഭൂമിയുടെ വിലയ്ക്ക് ആനുപാതികമായി നഷ്ടപരിഹാരം നൽകുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ നല്കുമോ?

(സി) & (ഡി) ദേശീയപാതാ വികസനത്തിന് സ്ഥലമെടുക്കുമ്പോൾ ഭൂമി നഷ്ടപ്പെടുന്നവർക്കുള്ള നഷ്ടപരിഹാരം നൽകുന്നത് കേന്ദ്രസർക്കാർ ആണ്. ദേശീയപാതയ്ക്കുള്ള സ്ഥലമെടുപ്പിന്റെ നഷ്ടപരിഹാരം കണക്കാക്കിയിരുന്നത് 1956 ലെ എൻ.എച്ച് ആക്ട് പ്രകാരമാണ്. എന്നാൽ 01.01.2015 മുതൽ ദേശീയപാതയ്ക്കുള്ള സ്ഥലമെടുപ്പിനുള്ള നഷ്ടപരിഹാരം നിശ്ചയിക്കേണ്ടത് കേന്ദ്ര സർക്കാരിന്റെ 2013 ലെ ഭൂമി ഏറ്റെടുക്കൽ നിയമം (Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement (RFCTLARR) പ്രകാരം ആയിരിക്കുമെന്ന് കേന്ദ്ര ഗതാഗത മന്ത്രാലയം അറിയിച്ചിട്ടുണ്ട്. ദേശീയപാതയ്ക്കുള്ള സ്ഥലമെടുപ്പിന് നഷ്ടപരിഹാരം നിശ്ചയിക്കുമ്പോൾ സംസ്ഥാന പദ്ധതികൾക്കായി സ്ഥലമേറ്റെടുക്കുമ്പോൾ സ്വീകരിക്കുന്ന R&R പാക്കേജിലെ മാനദണ്ഡങ്ങൾ കൂടി പരിഗണിക്കണമെന്ന് ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

Sabitha

സെക്ഷൻ ഓഫീസർ